# കേരളത്തിൽ നിന്നും ലോക ഫുട്ബോളിലേക്ക്......

കേരള സംസ്ഥാനത്തുനിന്നും അന്തർ ദേശീയ നിലവാരമുള്ള ഫുട്ബോൾ കളിക്കാരെ സൃഷ്ടിക്കുക എന്ന ലക്ഷ്യവുമായി കോഴിക്കോട് ആസ്ഥാനമായി 2004-ൽ ആരംഭിച്ച ഒരു സംഘടനയാണ് സെപ്റ്റ് (സ്പോർട്സ് & എഡ്യുക്കേഷൻ പ്രമോഷൻ ട്രസ്റ്റ്) കേരളത്തിൽ അങ്ങോളമിങ്ങോളം വിവിധ കേന്ദ്രങ്ങളിൽ ചിട്ടയായ പരിശീലനത്തിലൂടെ വിദഗ്ദരായ പ്രതിഭകളെ കണ്ടെത്തുകയാണ് സെപ്റ്റിന്റെ പ്രവർത്തന രീതി. നമ്മുടെ പ്രദേശത്തും ഒരു ഫുട്ബോൾ സംസ്കാരം വളർത്തിയെടുക്കുന്നതിന് 2008 ൽ സെപ്റ്റിനോടൊപ്പം കൈകോർത്ത് എടതിരിഞ്ഞി സോക്കർ ക്ലബ്ബും പരിശീലനത്തിന് നേതൃത്വം നൽകി. 4 വർഷക്കാലത്തെ പരിശീലന മികവുകൊണ്ട് നമ്മുടെ പ്രദേശത്തും കാൽപന്തുകളിയിൽ അഭിനന്ദനാർഹമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു എന്നതിൽ നമുക്കേവർക്കും അഭിമാനിക്കാം. പരിമിതമായ സൗകര്യങ്ങളിൽ നേടിയ ഈ വിജയത്തിൽ സംഘാടകർക്ക് അതിലേറെ സന്തോഷമുണ്ട്.

**ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ ഏറ്റവും വലിയവെല്ലുവിളി വിശാലമായ ഒരു കളിസ്ഥലം യാഥാർത്ഥ്യമാക്കുക എന്നതാണ്. ഈ സദുദ്യമത്തിൽ ഞങ്ങളോടൊപ്പം ഓരോ കായിക പ്രേമിയും സഹകരിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.**

പ്രിയ സുഹൃത്തേ,

സംസ്ഥാന തലത്തിൽ കോഴിക്കോട് വച്ച് സംഘടിപ്പിക്കുന്ന സെപ്റ്റ് ഫെസ്റ്റിനോടനുബന്ധിച്ച് ദക്ഷിണ മേഖലാ മൽസരങ്ങൾ എടതിരിഞ്ഞി സോക്കർ ക്ലബ്ബിന്റെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട മുനിസിപ്പൽ മൈതാനിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ. ഇന്ത്യൻ ഫുട്ബോളിന്റെ ഭാഗമാകാൻ പ്രത്യാശയോടെ കാത്തിരിക്കുന്ന നൂറോളം കുരുന്നു പ്രതിഭകൾ (13 വയസ്സിനു താഴെ) ഈ വരുന്ന ഡിസംബർ 8,9 (ശനി, ഞായർ) ദിവസങ്ങളിലായി മാറ്റുരക്കുന്നു. ദുബായിയിൽ വച്ചു നടന്ന രാജ്യാന്തര ക്ലബ്ബ് ടൂർണ്ണമെന്റിൽ കളിച്ച മിടുക്കൻമാരും ഈ മാമാങ്കത്തിൽ പങ്കെടുക്കുന്നു. ആബാലവൃദ്ധം ജനങ്ങൾക്കും ഇതൊരു ആവേശവും സംതൃപ്തിയും തരുമെന്ന കാര്യത്തിൽ സംശയമില്ല. മലപ്പുറം, തൃശൂർ, എറണാകുളം, കൊല്ലം തുടങ്ങിയ ജില്ലകളിൽ നിന്നും പങ്കെടുക്കുന്ന കുരുന്നു പ്രതിഭകളുടെ ദൃശ്യവിരുന്നിലേക്ക് ഏവരേയും സഹർഷം സ്വാഗതം ചെയ്യുന്നു.

എന്ന്
ജനറൽ കൺവീനർ
ഒപ്പ്.

എടതിരിഞ്ഞി സോക്കർ ക്ലബ്ബിന്റെ പ്രധാന നേട്ടങ്ങൾ :

* ദുബായ് ഇന്റർ നാഷണൽ സൂപ്പർ കപ്പ് ടൂർണമെന്റിൽ റണ്ണറപ്പായ സംസ്ഥാന സെപ്റ്റ് ടീമിലേക്ക് ക്ലബ്ബിലെ രണ്ടു പേർക്ക് അവസരം ലഭിച്ചു.
* ഗോവയിൽ വച്ച് നടന്ന ടൂർണമെന്റിൽ സെപ്റ്റ് ടീമിൽ കളിക്കാൻ ക്ലബ്ബിൽ നിന്നും ഒരു കുട്ടിക്ക് അവസരം ലഭിച്ചു.
* 2011ൽ അണ്ടർ 12 വിഭാഗത്തിൽ തൃശൂർ ജില്ലാ ടീമിൽ 3 പേർക്ക് സ്ഥാനം ലഭിച്ചു. അതേ വർഷം നടന്ന സംസ്ഥാന ഇന്റർ ഡിസ്ട്രിക്റ്റ് ടൂർണമെന്റിൽ തൃശൂർ ജില്ല വിജയിച്ചു. ജില്ലാ ടീമിനെ നയിച്ചത് നമ്മുടെ ടീമംഗമായിരുന്നു.
* ഈ വർഷത്തെ 2012 അണ്ടർ 13 വിഭാഗത്തിലെ ജില്ലാ ടീമിൽ 2 പേർ ഇടം നേടി.

ടൂർണമെന്റ് നടത്തിപ്പിന് വേണ്ട സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നു.

| | |
|---|---|
| ടൈറ്റിൽ സ്പോൺസർ | : 50,000 രൂപ |
| ഒരു ദിവസത്തെ മത്സരങ്ങൾ | : 25,000 രൂപ |
| വിന്നേഴ്സ് ട്രോഫി | : 20,000 രൂപ |
| ഫസ്റ്റ് റണ്ണറപ്പ് ട്രോഫി | : 15,000 രൂപ |
| സെക്കന്റ് റണ്ണറപ്പ് ട്രോഫി | : 10,000 രൂപ |
| വ്യക്തിഗത സമ്മാനങ്ങൾ | : 1000 രൂപ |
| ഫുട്ബോൾ | : 750 രൂപ |
| പരസ്യ ബാനർ | : 500 രൂപ |



എടതിരിഞ്ഞി സെപ്റ്റ് ടീം

# സോക്കർ ക്ലബ്ബ് എടതിരിഞ്ഞി

ദക്ഷിണ മേഖലാ ഫുട്ബാൾ ടൂർണമെന്റ്
അണ്ടർ- 13
(സോണൽ സെപ്റ്റ് ഫെസ്റ്റ്)

ഇരിങ്ങാലക്കുട മുനിസിപ്പൽ (അയ്യങ്കാവ്) മൈതാനിയിൽ
2012 ഡിസംബർ 8,9 തിയ്യതികളിൽ



ദുബായിയിൽ സെപ്റ്റ് ടീം മറഡോണയോടൊപ്പം

Email : edathirinjisoccerclub@yahoo.com
Phone No.: 9349494346, 9846765374,9995044336